**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 85** **22-07-2021 - ൽ മറുപടിയ്ക്ക്**

**പെട്രോൾ/ഡീസൽ വില വർദ്ധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പെട്രോൾ/ഡീസൽ വില വർദ്ധിക്കുന്ന സാഹചര്യത്തിൽ ജനങ്ങളുടെ പ്രയാസങ്ങൾ ലഘൂകരിക്കുന്നതിന് സംസ്ഥാന സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ യഥാക്രമം 31.80%-ഉം 24.52%-ഉം ആയിരുന്നു. എന്നാൽ 2018-ൽ പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി യഥാക്രമം 30.08%-ഉം 22.76%-ഉം ആയി കുറച്ചിട്ടുണ്ട്. വികലമായ കേന്ദ്ര നയത്തിന്റെ ഭാഗമായ പെട്രോളിയം ഉൽപ്പന്നങ്ങളുടെ ദിനംപ്രതിയുള്ള വിലവർദ്ധനവ് ഉപഭോക്തൃസംസ്ഥാനമായ കേരളത്തിലെ ജനങ്ങളുടെ ദൈനംദിന ജീവിതം ദുസ്സഹമാക്കിയെന്നത് വസ്തുതയാണ്. ഇന്ധനവിലയിലെ വർദ്ധനവ് ട്രാൻസ്പോർട്ടേഷൻ ചെലവ് ഉയർത്തിയതുമൂലം എല്ലാ അവശ്യ സാധനങ്ങളുടേയും വിലക്കയറ്റത്തിന് ഇടയാക്കി. ഇതു ജനങ്ങളുടെ വാങ്ങൽശേഷിയേയും നിക്ഷേപസാധ്യതയേയും ദുർബലപ്പെടുത്തി. കോവിഡിന്റെ കൂടി പശ്ചാത്തലത്തിൽ അതിരൂക്ഷമായ സാമ്പത്തിക മാന്ദ്യം അഭിമുഖീകരിക്കുന്ന സമ്പദ്ഘടനയെ പുനരുജ്ജീവിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ ക്രിയാത്മക നടപടികൾ കൈക്കൊണ്ടുവരുന്നുണ്ട്. എന്നാൽ വിലവർദ്ധനവിന്റെ അനന്തരഫലമായ നാണയപ്പെരുപ്പം ഇത്തരം നടപടികൾക്ക് വിഘാതം സൃഷ്ടിച്ചിരിക്കുകയാണ്. |
| (ബി) | പെട്രോൾ/ഡീസൽ വിലയുടെ കേന്ദ്ര - സംസ്ഥാന തീരുവ കുറയുന്നതിന് ജി.എസ്.ടി. കൗൺസിലിൽ സംസ്ഥാനം നിലപാട് സ്വീകരിച്ചിട്ടുണ്ടോ; | (ബി) | പെട്രോൾ, ഡീസൽ എന്നിവയുടെ വിലയിൽ സംസ്ഥാന പൊതു വില്പന നികുതിയും, കേന്ദ്ര നികുതികളും ഉൾപ്പെടുന്നുണ്ട്. പെട്രോളും ഡീസലും നിലവിൽ ജി.എസ്.ടി. നിയമത്തിന്റെ പരിധിയിലേക്ക് കൊണ്ടുവന്നിട്ടില്ല. കേരളത്തിൽ ഇവ കേരള പൊതു വില്പന നികുതിയുടെ പരിധിയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. നിലവിൽ കേരളത്തിലെ പൊതു വില്പന നികുതി പെട്രോളിന് 30.08% ഉം |

| | | | |
|---|---|---|---|
| | | | ഡീസലിന് 22.76% ഉം ആണ്. 31.05.2018-ലെ എസ്.ആർ.ഒ നമ്പർ 345/2018 പ്രകാരം പെട്രോളിന്റെ സംസ്ഥാന നികുതി 31.80% ൽ നിന്നും 30.08% ആയും ഡീസലിന്റെ സംസ്ഥാന നികുതി 24.52% ൽ നിന്നും 22.76% ആയും കുറയ്ക്കുകയുണ്ടായി. 01.06.2018 മുതൽ ഈ നിരക്ക് പ്രാബല്യത്തിൽ വന്നു. എന്നാൽ കേന്ദ്ര ഗവൺമെന്റ് ഈ കാലയളവിൽ കേന്ദ്ര അഡീഷണൽ എക്സൈസ് നിരക്ക് പലതവണ വർദ്ധിപ്പിച്ചതായി കണ്ടുവരുന്നു. ഇത് ഇന്ധന വില വർദ്ധനവിന് കാരണമാകുന്നുണ്ട്. കേന്ദ്ര നികുതി നിരക്ക് കുറച്ചാൽ സംസ്ഥാന നികുതി അതനുസരിച്ച് താനേ കുറയുന്നതാണ്. കമ്പോളവിലയിലുണ്ടാകുന്ന ഇടിവ് ഓഫ്സെറ്റ് ചെയ്ത് കേന്ദ്ര അഡീഷണൽ എക്സൈസ് നിരക്ക് വർദ്ധിപ്പിക്കുന്ന രീതിയാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. ഇങ്ങനെ കേന്ദ്ര സർക്കാർ സമാഹരിക്കുന്ന പണം സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ടതുമില്ല. കമ്പോളത്തിൽ ക്രൂഡ് ഓയിൽ വില കുറയുമ്പോൾപോലും ആയതിന്റെ നേട്ടം ജനങ്ങൾക്ക് കൈമാറ്റം ചെയ്യാത്ത തുടർച്ചയായ ജനദ്രോഹ നടപടികൾ പിൻവലിക്കാൻ കേന്ദ്ര സർക്കാർ തയ്യാറാകുകയാണ് വേണ്ടത്. |
| (സി) | ഇല്ലെങ്കിൽ നടപടി സ്വീകരിക്കുന്നതിന് തയ്യാറാകുമോ? | (സി) | പെട്രോൾ, ഡീസൽ എന്നിവയുടെ വിലയിൽ സംസ്ഥാന പൊതു വില്പന നികുതിയും, കേന്ദ്ര നികുതികളും ഉൾപ്പെടുന്നുണ്ട്. പെട്രോളും ഡീസലും നിലവിൽ ജി.എസ്.ടി. നിയമത്തിന്റെ പരിധിയിലേക്ക് കൊണ്ടുവന്നിട്ടില്ല. കേരളത്തിൽ ഇവ കേരള പൊതു വില്പന നികുതിയുടെ പരിധിയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. നിലവിൽ കേരളത്തിലെ പൊതു വില്പന നികുതി പെട്രോളിന് 30.08% ഉം ഡീസലിന് 22.76% ഉം ആണ്. 31.05.2018-ലെ എസ്.ആർ.ഒ നമ്പർ 345/2018 പ്രകാരം പെട്രോളിന്റെ സംസ്ഥാന നികുതി 31.80% ൽ നിന്നും 30.08% ആയും ഡീസലിന്റെ സംസ്ഥാന നികുതി 24.52% ൽ നിന്നും 22.76% ആയും കുറയ്ക്കുകയുണ്ടായി. 01.06.2018 മുതൽ ഈ നിരക്ക് പ്രാബല്യത്തിൽ വന്നു. എന്നാൽ കേന്ദ്ര ഗവൺമെന്റ് ഈ കാലയളവിൽ കേന്ദ്ര അഡീഷണൽ എക്സൈസ് നിരക്ക് പലതവണ വർദ്ധിപ്പിച്ചതായി കണ്ടുവരുന്നു. ഇത് ഇന്ധന വില വർദ്ധനവിന് കാരണമാകുന്നുണ്ട്. കേന്ദ്ര നികുതി നിരക്ക് കുറച്ചാൽ സംസ്ഥാന നികുതി അതനുസരിച്ച് താനേ കുറയുന്നതാണ്. കമ്പോളവിലയിലുണ്ടാകുന്ന ഇടിവ് ഓഫ്സെറ്റ് ചെയ്ത് കേന്ദ്ര അഡീഷണൽ എക്സൈസ് നിരക്ക് വർദ്ധിപ്പിക്കുന്ന രീതിയാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. ഇങ്ങനെ കേന്ദ്ര സർക്കാർ |

| | | | |
|---|---|---|---|
| | | | സമാഹരിക്കുന്ന പണം സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ടതുമില്ല. കമ്പോളത്തിൽ ക്രൂഡ് ഓയിൽ വില കുറയുമ്പോൾപോലും ആയതിന്റെ നേട്ടം ജനങ്ങൾക്ക് കൈമാറ്റം ചെയ്യാത്ത തുടർച്ചയായ ജനദ്രോഹ നടപടികൾ പിൻവലിക്കാൻ കേന്ദ്ര സർക്കാർ തയ്യാറാകുകയാണ് വേണ്ടത്. |

സെക്ഷൻ ഓഫീസർ